## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 197 23.1.2014- ലെ മറുപടിക്ക്

## നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ആർ. രാജേഷ് | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ ; | (എ) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വാണിജ്യ നികുതി വകുപ്പ്<br>1. റിട്ടേൺ സ്ക്രൂട്ടിനിക്ക് നികുതി നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കി.<br>2. ഓവർചെക്കിംഗ് സംവിധാനം നടപ്പിലാക്കി.<br>3. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടു വരുന്നതിനായി 'one time incentive to new registrant scheme' നടപ്പിലാക്കി.<br>4. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ നടപ്പിലാക്കി.<br>5. നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു.<br>6. **Tax Monitoring Cell,** വില നിരീക്ഷണ സമിതി എന്നിവ രൂപീകരിച്ചു<br>7. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.<br>8. ചെക്ക് പോസ്റ്റുകളുടേയും വാണിജ്യ |

നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുടിശ്ശിക അസസ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

9. നികുതി പിരിവ് ഊർജ്ജിത മാക്കുന്നതിനായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പു കൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള നടപടികളും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

10. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. നികുതിനിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി വരുന്നു.

11. 31.3.2005 വരെയുള്ള പൊതുവില്പന നികുതി നിയമപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നടപ്പിലാക്കിയിരുന്ന ആംനസ്റ്റി സ്കീം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. <u>എക്സൈസ് വകുപ്പ്</u>

എല്ലാ ലൈസൻസ് സ്ഥാപനങ്ങളും കൃത്യമായി പരിശോധിക്കുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് അനധികൃതമായി മദ്യം കടത്തിക്കൊണ്ടു വരുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. അതിർത്തി പ്രദേശത്ത് പ്രത്യേക പട്രോളിംഗ് സംവിധാനവും ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരുന്ന എല്ലാ വാഹനങ്ങളും പരിശോധിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ കുടിശ്ശിക പിരിച്ചെടുക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി.

| | | | |
|---|---|---|---|
| | | | 3. <u>മോട്ടോർ വാഹന വകുപ്പ്</u><br>പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് ലൈഫ് ടൈം ടാക്സും, ഓട്ടോറിക്ഷകൾക്ക് 5 വർഷത്തെ നികുതി ഒരുമിച്ച് ഈടാക്കുന്ന സംവിധാനവും ഏർപ്പെടുത്തി. നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ബുധനാഴ്ചകളിൽ നികുതി സംബന്ധമായ പ്രവർത്തികൾ നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധന ശക്തമാക്കാൻ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ വന്നു. ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നടപ്പുവർഷം പ്രതീക്ഷിച്ച നികുതിവരുമാനം എത്രയായിരുന്നു; നികുതിയിനത്തിൽ നടപ്പുവർഷം ഇതുവരെ എന്തു തുക ലഭിച്ചു; വ്യക്തമാക്കുമോ ; നികുതി പിരിക്കാനുള്ള റിക്കവറി നടപടി സ്റ്റേ ചെയ്യുകയുണ്ടായോ ; | (ബി) | നടപ്പുവർഷം പ്രതീക്ഷിക്കുന്ന നികുതിവരുമാനം 46914.89 കോടി രൂപയും, ലഭ്യമായ കണക്കുകൾ പ്രകാരം 30.11.2013-വരെ ലഭിച്ച നികുതി വരുമാനം 24991.06 കോടി രൂപയുമാണ്.<br><br>നികുതി പിരിക്കാനുള്ള റിക്കവറി നടപടി സ്റ്റേ ചെയ്യുകൊണ്ട് പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | നികുതി വരുമാനത്തിൽ കുറവ് വന്നതിന്റെ കാരണം വിശദമാക്കുമോ ; | (സി) | <u>വാണിജ്യ നികുതി വകുപ്പ്</u><br><br>വാഹനങ്ങളുടെ വിൽപ്പനയിലേയും രജിസ്ട്രേഷനിലേയും കുറവ് വാറ്റ് നികുതിയെ ബാധിച്ചു. മൊത്തം വാണിജ്യ നികുതി വരുമാനത്തിന്റെ 22 ശതമാനത്തോളം ലഭിക്കുന്ന മദ്യത്തിന്റെ നികുതി ഈ വർഷം 8 ശതമാനം വർദ്ധന മാത്രമാണ് കൈവരിച്ചത്. റബ്ബർ, ഏലം, കുരുമുളക് എന്നിവയിലുണ്ടായ വിലയിടിവും, കാലവർഷക്കെടുതിമൂലം ഉള്ള ഉല്പാദനകുറവും ഈ മേഖലയിൽ നിന്നുള്ള നികുതിവരുമാനത്തിൽ കുറവുണ്ടാക്കി. നിർമ്മാണ സാമഗ്രികളുടെ നികുതിയിലും വളർച്ചാ നിരക്ക് കുറവാണ് രേഖപ്പെടുത്തിയത്. വാറ്റിനത്തിൽ പ്പെട്ട പെട്രോളിയം ഉല്പന്നങ്ങളുടെ നികുതിയിനത്തിലും കുറവുണ്ടായി. രൂപയുടെ മൂല്യശോഷണത്തെ തുടർന്ന് കശുവണ്ടി, തടി എന്നിവയുടെ ഇറക്കുമതിയിൽ ഉണ്ടായ കുറവ് നികുതി വരുമാനത്തെ ബാധിച്ചു. ഭക്ഷ്യവസ്തുക്കളായ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പാചകയെണ്ണ, മൈദ, ആട്ട മുതലായവയുടെ നികുതി നിരക്ക് 4-ൽ നിന്നും 1 ശതമാനം ആയി കുറച്ചതും, അരിയെ നികുതി വിമുക്തമാക്കിയതും നികുതി വരുമാനത്തെ ബാധിച്ചു. |

| | | | |
|---|---|---|---|
| | | | <u>എക്സൈസ് വകുപ്പ്</u><br><br>വിദേശമദ്യത്തിന്റെ വില്പനയിൽ ഉണ്ടായ കുറവുമൂലം എക്സൈസ് ഡ്യൂട്ടിയിനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല.<br><br><u>മോട്ടോർ വാഹന വകുപ്പ്</u><br>വാഹനങ്ങളുടെ വിൽപ്പനയിലേയും രജിസ്ട്രേഷനിലേയും കുറവും, നടപ്പു സാമ്പത്തിക വർഷത്തെ റവന്യൂ കളക്ഷൻ ടാർജറ്റ് മുൻവർഷത്തിന്റെ 49 % വർദ്ധിപ്പിച്ചതും കൊണ്ടാണ് പ്രതീക്ഷിച്ച നികുതി വരുമാനം നേടിയെടുക്കാൻ കഴിയാതെ പോയത്. |
| (ഡി) | സാമ്പത്തിക പ്രയാസം കാരണം കർഷകർക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമപെൻഷനുകൾ നൽകുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കും പണം അനുവദിക്കുന്നതിന് പ്രതിസന്ധി നേരിടുന്നുണ്ടോ ; | (ഡി) | കൃഷി വകുപ്പ് മുഖേന നൽകുന്ന കർഷക പെൻഷനോ, പദ്ധതികളുമായി ബന്ധപ്പെട്ട സബ്സിഡികൾക്കോ മറ്റ് വികസന പ്രവർത്തനങ്ങൾക്കോ നാളിതുവരെ സാമ്പത്തിക പ്രയാസം അനുഭവപ്പെട്ടിട്ടില്ല. |
| (ഇ) | റബ്ബർ ഉൾപ്പെടെ വിലയിടിവ് നേരിടുന്ന ഉല്പന്നങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് ആശ്വാസം പകരാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന വാറ്റ് നികുതി എടുത്തു കളയുവാൻ തയ്യാറാകുമോ ? | (ഇ) | കർഷകരിൽ നിന്ന് നികുതി ഈടാക്കുന്നില്ല. റബ്ബർ വ്യാപാരം നടത്തുന്ന ഡീലർമാരിൽ നിന്നാണ് നികുതി ഈടാക്കുന്നത്. ഇവർ ഇത്തരം നികുതി, വാങ്ങൽ നികുതിയായി അടച്ച് അടുത്ത മാസം വിൽപ്പനയിൽ അടയ്ക്കേണ്ട നികുതിയിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. വ്യാപാരം കൂടി നടത്തുന്ന കർഷകർക്ക് മാത്രമേ ഡീലർമാർക്കുള്ള നികുതിബാധ്യത വരുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഈ വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ